# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1317 06.03.2020 ൽ മറുപടിയ്ക്ക്

## ജീവനി -നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം പദ്ധതി

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

ഉത്തരം

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

എ) ജീവനി -നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറി മുഴുവനും ഹോർട്ടികോർപ്പിലൂടെ ശേഖരിച്ച് വിപണനം ചെയ്യുന്നതിന് കഴിയുന്നുണ്ടോ;എങ്കിൽ വിശദവിവരം നൽകാമോ;

എ) "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സ്വന്തം ആവശ്യത്തിനു പരമാവധി ഉപയോഗിക്കുകയും അധികമായവ അതാത് പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ തലത്തിലുള്ള ഇക്കോഷോപ്പ്, ബി.എൽ.എഫ്.ഒ. മാർക്കറ്റ്, ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ച ചന്തകൾ എന്നിവ വഴി ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ പച്ചക്കറികളുടെ ഉല്പാദനത്തിനും വിപണനത്തിനും കർഷകരെ സഹായിക്കുന്നതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജീവനി മൊബൈൽ ആപ്പ് വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും മാരകമായ കീടനാശിനി ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ നിയന്ത്രിക്കുന്നതിന് തുടർനടപടി സ്വീകരിക്കുമോ;

സി) നിലവിൽ കൃഷി വകുപ്പ് മുഖേന എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്നതെന്ന വിശദവിവരം നൽകാമോ?

ബി) & സി) അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രാദേശിക വിപണികളിൽ എത്തുന്ന പഴം പച്ചക്കറി എന്നിവയിലെ വിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ കീടനാശിനി അവിശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala,gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും മൂന്ന് മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. അതുവഴി മാരകമായ കീടനാശിനികളെ സംബന്ധിച്ച അവബോധം കർഷകർക്കും പൊതു ജനങ്ങൾക്കും നൽകുന്നതിന് ഒരു പരിധി വരെ സഹായമാവുകയും ചെയ്തിട്ടുണ്ട്. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തു നിന്നും എത്തുന്ന പച്ചക്കറിയുടെ

ഉപഭോഗം ഒരു പരിധി വരെ കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള മറ്റ് ലബോറട്ടറികൾ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലും, പടന്നക്കാട് കാർഷിക കോളേജിലും, ആർ.എ.ആർ.എസ്. കുമരകത്തും പ്രവർത്തിക്കുന്നു.

Maya P

**സെക്ഷൻ ഓഫീസർ**